പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3059

07/11/2019-ൽ
മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിൽ സ്കൂളുകളിലെ പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും സ്കൂൾ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. എല്ലാ ജില്ലകളിലും രണ്ടാം വാല്യം പാഠപുസ്തകങ്ങളാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആയത് പൂർത്തീകരിച്ചു കഴിഞ്ഞു.<br>രണ്ടാം വാല്യം 22173000 പാഠപുസ്തകങ്ങൾക്കാണ് പുതുക്കിയതുൾപ്പെടെ പ്രിന്റ് ഓർഡർ നൽകിയത്. ഇതിൽ ഒന്നു മുതൽ 8 വരെ ക്ലാസ്സുകളിലേയ്ക്കുള്ള 2,20,835 എണ്ണവും, 9,10 ക്ലാസ്സുകളിലേയ്ക്കുള്ള 43,481 എണ്ണവും പാഠപുസ്തകങ്ങൾ ഷോർട്ടേജ് അനുഭവപ്പെട്ടിരുന്നു. ആയതും റീപ്രിന്റ് ചെയ്ത് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ രണ്ടാംഘട്ട പാഠപുസ്തകങ്ങൾ ഇതുവരെയും വിതരണം പൂർത്തിയായിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | മലപ്പുറം ജില്ലയിലെ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്വീകരിച്ചപ്പോൾ ഇൻഡന്റ് ചെയ്യാത്ത ഗവൺമെന്റ് / എയിഡഡ് / അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾക്കും, യഥാർത്ഥ എണ്ണം ഇൻഡന്റ് ചെയ്യാതെയും ഇൻഡന്റ് ചെയ്ത എണ്ണത്തിൽ വ്യത്യാസം വന്നതുമായ, പാഠപുസ്തകങ്ങളുമാണ് കൊടുക്കാനുണ്ടായിരുന്നത്. മുഖ്യമായും വിവിധ ക്ലാസുകളിലെ ഇംഗ്ലീഷ് മീഡിയം 27 ടൈറ്റിൽ പാഠപുസ്തകങ്ങളാണ് കുറവു വന്നത്. വിവിധ ജില്ലകളിൽ നിന്നും ഷോർട്ടേജായ പാഠപുസ്തകങ്ങളുടെ എണ്ണം ശേഖരിച്ചപ്പോൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിലാണ് പാഠപുസ്തകങ്ങൾക്ക് കുറവ് വന്നത്. ഇംഗ്ലീഷ് ടൈറ്റിൽ പാഠപുസ്തകങ്ങൾ ബഫർ സ്റ്റോക്കിലും അധികരിച്ചതിനാലും ക്ലോസിംഗ് സ്റ്റോക്കിൽ നിന്നും നൽകുവാൻ തികയാത്തതിനാലും ഷോർട്ടേജായ പാഠപുസ്തകങ്ങൾ ഇംഗ്ലീഷ് ടൈററിൽ പാഠപുസ്തകങ്ങളായതിനാലും, ആയതിന്റെ റിപ്പോർട്ട് |
| (സി) | അതിന്റെ കാരണം വ്യക്തമാക്കാമോ; നവംബർ 15 ന് മുമ്പ് തന്നെ പുസ്തക വിതരണം പൂർത്തിയാക്കാൻ കർശന നിർദ്ദേശം നൽകുമോ? | | |

ജില്ലയിൽ നിന്നും ലഭ്യമായ ഉടൻ ടി പാഠപുസ്തകങ്ങൾ റീപ്രിന്റ് ചെയ്യുകയും 28/10/2019 മുതൽ 31/10/2019 വരെ വിതരണം നടത്തി പൂർത്തീകരിക്കുകയും ചെയ്തു.

ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളും ഷോർട്ടേജും നൽകി കഴിഞ്ഞു. 9,10 ക്ലാസുകളിലെ വിവിധ ജില്ലകളിൽ നിന്നും ശേഖരിച്ച ഷോർട്ടേജ് പാഠപുസ്തകങ്ങളുടെ വിതരണം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. നവംബർ 15 നകം ആയതിന്റെയും വിതരണം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

Namitha.P

സെക്ഷൻ ഓഫീസർ